LIBRARY ARCHIVES Kerala Legislative Assembly

കുത്തുപറമ്പ് കേന്ദ്രമായി പുതിയ ട്രാഫിക് യൂണിറ്റ്

108 (4833) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന ഗതാഗതക്കുരുക്ക് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചും കൂടുതൽ തിരക്കുള്ള സമയങ്ങളിൽ പോലീസ് ഉദ്യോഗസ്ഥരെയും ഹോം ഗാർഡുകളെയും ഡ്യൂട്ടിയ്ക്ക് നിയോഗിച്ചും നഗരങ്ങളിലും പ്രധാന പാതകളുടെ പരിസരങ്ങളിലും മറ്റുമുള്ള അനധികൃത പാർക്കിംഗ് നിയന്ത്രിച്ചും പ്രധാന റോഡുകൾ കേന്ദ്രീകരിച്ച് 24 മണിക്കൂറും ഹൈവേ പോലീസിനെ നിയോഗിച്ചും നിരന്തരം പട്രോളിംഗ് നടത്തിയും ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റുകയും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് യൂണിറ്റുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർ നാമകരണം ചെയ്യുകയും ചെയ്തു. ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളെ ട്രാഫിക് നിയന്ത്രണത്തിന് മാത്രമുള്ളതാക്കി മാറ്റുന്നതിലൂടെ ട്രാഫിക് നിയന്ത്രണം ശക്തമാക്കുവാനും അപകടങ്ങൾ കുറയ്ക്കാനും ഗതാഗതം സുഗമമാക്കാനും സാധിക്കുന്നു.

(ബി) അനുദിനം ഗതാഗതക്കുരുക്ക് വർദ്ധിച്ചുവരുന്ന കുത്തുപറമ്പിൽ ആയത് ശാസ്ത്രീയമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ, എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

കുത്തുപറമ്പ് നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും സ്വകാര്യ വാഹനങ്ങളുടെ അനധികൃത പാർക്കിംഗ് ഒഴിവാക്കുന്നതിനുമായി മുനിസിപ്പാലിറ്റിയുമായി കൂടിയാലോചിച്ച് പാർക്കിംഗിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്. ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) കുത്തുപറമ്പ് കേന്ദ്രമായി പുതിയ ട്രാഫിക്ക് യൂണിറ്റ് അനുവദിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

അനുവദിച്ചിട്ടില്ല. കുത്തുപറമ്പ് കേന്ദ്രമായി പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് ആരംഭിക്കാനുള്ള പ്രാരംഭ നടപടികൾ സംസ്ഥാന പോലീസ് മേധാവി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത യൂണിറ്റിനായി ട്രാഫിക്ക് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് എത്രയാണെന്നും ആയതിന്റെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ?

ഫണ്ട് അനുവദിച്ചിട്ടില്ല.

സ്റ്റുഡന്റ് പോലീസ് കേഡറ്റ്

109 (4834) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, പേരാമ്പ്ര, മേപ്പയ്യൂർ, പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ പരിധിയിലെ എത്ര സ്കൂളുകളിൽ എസ്.പി.സി. നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ 3 സ്കൂളുകളിലും പേരാമ്പ്ര പോലീസ് സ്റ്റേഷൻ പരിധിയിൽ 2 സ്കൂളുകളിലും, മേപ്പയ്യൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 2 സ്കൂളുകളിലും പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ പരിധിയിൽ 1 സ്കൂളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ പരിധിയിലെ സ്കൂളുകളിൽനിന്നും എത്ര പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; വിവരം ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ 6 സ്കൂളുകളിലേയ്ക്കും പേരാമ്പ്ര പോലീസ് സ്റ്റേഷൻ പരിധിയിൽ 3 സ്കൂളുകളിലേയ്ക്കും മേപ്പയ്യൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 2 സ്കൂളുകളിലേയ്ക്കും പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ലഭിക്കുന്നതിനായി അപേക്ഷ സംസ്ഥാന പോലീസ് മേധാവിക്ക് ലഭ്യമായിട്ടുണ്ട്. പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ പരിധിയിൽ എസ്.പി.സി പദ്ധതി ലഭിക്കുന്നതിനായി സ്കൂളുകളുടെ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

പോലീസ് വകുപ്പിലെ അഴിമതിയും കൈക്കൂലിയും തടയുന്നതിന് നടപടി

110 (4835) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് വകുപ്പിലെ അഴിമതിയും കൈക്കൂലിയും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാന പോലീസ് സേനയിലെ അഴിമതി അവസാനിപ്പിക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടി സ്വീകരിച്ചുവരുന്നു. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly